I/72581/2024

ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ്
ശ്രീകൃഷ്ണപുരം, പാലക്കാട്
principal@gecskp.ac.in
0466-2260350
തീയ്യതി:12-03-2024

## സർക്കുലർ

**<u>വിഷയം</u>**- സർക്കാർ എൻജിനീയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- കോളേജ് ടോയ്‌ലെറ്റുകളിൽ വെള്ളം പാഴാക്കുന്നത് - സംബന്ധിച്ച്.

**<u>സൂചന</u>**- ശ്രീ. അബ്ദുൽ സലിം , സർജന്റിന്റെ 29/ 02/ 2024 തീയ്യതിയിലെ സമർപ്പണം.

മേൽ സൂചന പ്രകാരം, സ്ഥാപനത്തിലെ പ്രധാന കെട്ടിടത്തിലെ കോമൺ ടോയ്ലെറ്റുകളിൽ പതിവായി ടാപ്പുകൾ തുറന്നിട്ട് വെള്ളം പാഴാക്കിക്കളയുന്നതായി ശ്രീ. അബ്ദുൽ സലിം, സർജൻറ് അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുമ്പോൾ, ടാങ്ക് നിറയുന്നതിന് കൂടുതൽ സമയം വേണ്ടിവരുന്നു. മാത്രമല്ല, രാവിലെ ടോയ്ലെറ്റ് വൃത്തിയാക്കുന്നതിന് ആവശ്യമായ വെള്ളം ലഭിക്കാതെ വരുന്നു.

അധികം വൈകാതെ കടുത്ത ജലക്ഷാമം പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ഇത്തരം നിരുത്തരവാദപരമായ പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ എല്ലാ വിദ്യാർത്ഥികളും സഗൌരവം ഉൾക്കൊണ്ട് പ്രവർത്തിക്കണമെന്ന് നിർദ്ദേശിയ്ക്കുന്നു.

വേനൽ കാലമായതിനാൽ ജലലഭ്യത കുറഞ്ഞു വരുകയാണ്, ഈ സാഹചര്യത്തിൽ ടോയ്‌ലെറ്റുകളിൽ വാട്ടർ ടാപ്പ് തുറന്നിടുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. വൈദ്യുതി തകരാർ/ മറ്റെന്തെങ്കിലും സാങ്കേതികതകരാർ മൂലം ടാപ്പിൽ വെള്ളം ലഭ്യമല്ലാത്ത സമയങ്ങളിൽ ടാപ്പുകൾ അടച്ചിടേണ്ടതാണ്. പലപ്പോഴും ഒഴിവു ദിവസങ്ങളിൽ ടാപ്പ് തുറന്നു കിടക്കുന്നത് ആരും അറിയാത്തതിനാൽ, വെള്ളം വരുന്ന സമയത്തു വലിയ തോതിൽ ജലനഷ്ടം ഉണ്ടാകുന്നു. ഇക്കാര്യം എല്ലാ വിദ്യാർത്ഥികളും ശ്രദ്ധിക്കേണ്ടതാണ്.

സ്വീകർത്താവ്

1 . നോട്ടീസ് ബോർഡ്
2 . വെബ് അഡ്മിൻ

Signed by
Dr. Meenakshy K
Date: 12-03-2024 12:10:47